# നന്മയാൽ തിന്മയെ ജയിക്കുക..

പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിശ്വപ്രസിദ്ധനായ ജർമ്മൻ തത്വചിന്തകൻ, ഇമ്മാനുവേൽ കാന്റിന്റെ പിതാവ് സത്യസന്ധതയുടെ കാര്യത്തിൽ കർക്കശക്കാരനായിരുന്നു. തന്റെ നാവിൽനിന്നും പുറപ്പെടുന്ന വാക്കുകൾ സത്യസന്ധമാണോ എന്ന് അദ്ദേഹം എപ്പോഴും പുനഃപ്പരിശോധിക്കുമായിരുന്നു.

ഒരിക്കൽ അദ്ദേഹത്തിന് പോളണ്ടിൽനിന്നും തന്റെ സ്വദേശമായ സിലേസിയയിലേക്ക് നിർജ്ജനമായ ഒരു വനത്തിലൂടെ യാത്രചെയ്യേണ്ടി വന്നു. വഴിമദ്ധ്യേ മൂന്നു കൊള്ളക്കാർ അദ്ദേഹത്തെ തടഞ്ഞുനിർത്തിയിട്ട് കൈയ്യിലുള്ളതെല്ലാം അപഹരിച്ചു. അദ്ദേഹത്തിന്റെ കുതിരയെപ്പോലും അവർ കൊണ്ടുപോയി. അവസാനം കൊള്ളത്തലവൻ അദ്ദേഹത്തോടു ചോദിച്ചു: “ഇനിയും വല്ലതും തന്റെ പക്കലുണ്ടോ?” “ഇല്ല” എന്ന് അദ്ദേഹം മറുപടി നൽകി. കൊള്ളക്കാർ അദ്ദേഹത്തെ പോകാൻ അനുവദിച്ചു.

കാട്ടിലൂടെ നടന്നുനീങ്ങവേ അദ്ദേഹം ഒരവസരത്തിൽ തന്റെ കോട്ടിന്റെ പോക്കറ്റിൽ കൈയ്യിട്ടപ്പോൾ എന്തോ ഒന്നു തടഞ്ഞു; അതൊരു സ്വർണ്ണനാണയമാണെന്ന് മനസ്സിലാക്കിയ അദ്ദേഹം ആകെ അസ്വസ്തനായി! അൽപംമുൻപ് ഇനിയും തന്റെ പക്കൽ ഒന്നുമില്ലെന്ന് കൊള്ളത്തലവനോടു പറഞ്ഞ വാക്കുകളാണ് ആ അസ്വസ്തതയ്ക്കു കാരണം. ഉടൻതന്നെ അദ്ദേഹം കൊള്ളക്കാരെ തിരക്കി തിരികെനടന്നു. കൊള്ളക്കാരെ കണ്ടെത്തിയപ്പോൾ സ്വർണ്ണനാണയം കൊള്ളത്തലവന് നൽകിക്കൊണ്ട് അദ്ദേഹം പറഞ്ഞു: “ക്ഷമിക്കണം, എന്റെ പക്കൽ ഇനിയും ഒന്നുമില്ലെന്ന് മുമ്പേപറഞ്ഞത് ശരിയല്ലായിരുന്നു. ഞാൻ മനപ്പൂർവ്വം കള്ളംപറഞ്ഞതല്ല. ഭയം നിമിത്തം അന്നേരം ഇത് ശ്രദ്ധിക്കാതെപോയതാണ്. ദയവായി ഇതുകൂടെ സ്വീകരിക്കണം.”

കൊള്ളത്തലവൻ ആ സ്വർണ്ണനാണയം വാങ്ങിയില്ല. മാത്രമല്ല, അയാൾ അദ്ദേഹത്തിൽ നിന്നും അപഹരിച്ച പണസഞ്ചി തിരികെ നൽകി. മറ്റൊരാൾ അദ്ദേഹത്തിന്റെ വേദപുസ്തകം മടക്കിക്കൊടുത്തു. അവസാനത്തെയാൾ കുതിരയെയും കൊണ്ടുവന്നു. മൂന്നുപേരുംകൂടെ അദ്ദേഹത്തെ കുതിരപ്പുറത്ത് കയറുവാൻ സഹായിച്ചു. സാവകാശം കുതിരയെ മുമ്പോട്ടുനയിച്ച അദ്ദേഹത്തെ അതിശയിത്തോടെ അവർ നോക്കിനിന്നു!

തിന്മചെയ്യുന്നവർക്ക് തിന്മ പകരം നൽകുകയെന്നത് മാനുഷപ്രകൃതമാണ്. ആദാമ്യപ്രകൃതം ധരിച്ചിരിക്കുന്ന മനുഷ്യന് അതിനപ്പുറം ചിന്തിക്കാനുമാവില്ല. പക്ഷേ, ആ പഴയമനുഷ്യനെ അവന്റെ പ്രവർത്തികളോടെ ഉരിഞ്ഞുകളഞ്ഞ് പുതുമനുഷ്യനായ ക്രിസ്തുവിന്റെ പ്രകൃതം ധരിച്ചവരെന്ന് അഭിമാനിക്കുന്ന ദൈവമക്കൾ തങ്ങളോടു തിന്മചെയ്യുന്നവരോട് തിന്മചെയ്യുവാൻ വെമ്പൽകൊള്ളുന്നത് സംശയം ഉളവാക്കുന്നു; ഇവർ വാസ്തവമായും ക്രിസ്തുവിനെ ധരിച്ചവരോ? “തിന്മയോടു തോല്ക്കാതെ നന്മയാൽ തിന്മയെ ജയിക്കുക.” (റോമർ 12:21) എന്ന പൗലോസിന്റെ വാക്കുകൾ നമ്മോടുള്ള അപേക്ഷയല്ല; “തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിച്ച” കർത്താവിന്റെ കൽപനയാണ്.

Author: ksabraham.org@gmail.com website: www.ksabraham.org **Free Distribution of this material is encouraged!**